Circular No: 163

Holy Childhood
Day 2015

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 26-01-2015

പ്രിയ ദൈവജനമേ,

ആഗോള കത്തോലിക്കാസഭ ഫെബ്രുവരി മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി എല്ലാവർഷവും ആചരിക്കുന്നത്. മക്കൾ ദൈവത്തിന്റെ ദാനമാണെന്നും അവരെ ദൈവമക്കളായി വളർത്തുവാനുള്ള ചുമതല സഭയ്ക്കും സമൂഹത്തിനുമുണ്ടെന്നും നമ്മെ ഏവരെയും ഈ ദിനം ഓർമ്മപ്പെടുത്തുന്നു.

ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെയെല്ലാം പരിചിന്തനത്തിനു വിധേയമാകണം. നസ്രത്തിൽ യൗസേപ്പിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിനെ വളർത്തുന്നത് ദൈവപദ്ധതിയുമായി പങ്കുചേർന്നുകൊണ്ടാണ്. അപ്രകാരം മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

ഓരോകുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടി ആവരുത് തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം.

കത്തോലിക്കാ സഭ ഈ വർഷം സമർപ്പിത വർഷമായി ആചരിക്കുകയാണല്ലോ. സമർപ്പിതരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പം കുഞ്ഞുമനസ്സുകളിൽ സമർപ്പിത ചിന്ത വളർത്തുവാൻ നമുക്ക് പരിശ്രമിക്കാം. സമർപ്പിത ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിച്ച് നടത്തേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവീകപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടി യിരിക്കുന്നു. മുതിർന്നവർ ശാരീരികവും മാനസികവുമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരി ക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാ ക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്. ഇന്ന് നമ്മുടെ പലമാതാപിതാക്കന്മാരും കേരള ത്തിനു പുറത്തും വിദേശരാജ്യങ്ങളിലുമായി ജോലിക്കും പഠനത്തിനുമായി താമസിക്കുമ്പോൾ തങ്ങളുടെ മക്കൾ സുരക്ഷിതമായ കൈകളിലാണ് വളരുന്നത് എന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സ്വന്തം മാതാവും പിതാവും നൽകുന്ന സ്നേഹം മറ്റൊരാൾക്കും നൽകാനാവില്ലെന്ന തിരിച്ചറിവും അവർക്കുണ്ടാവണം. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവ ശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും തിന്മയുടെ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയ രോടും ചേർന്നു പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. തിരുബാലസഖ്യ സംഘ ടനാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാമാതാപിതാക്കന്മാരേയും ബഹുമാനപ്പെട്ട വൈദികരേയും സിസ്റ്റേഴ്സിനെയും എന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളുടെ ബാല്യങ്ങൾ 'തിരുബാ ല്യ' ത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇട യാകണം. നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രവളർച്ചയ്ക്ക് ശക്തമായ ഒരു നിലപാട് സ്വീകരി ക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. നമ്മുടെ അതിരൂപതിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയ ങ്ങളിലും സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ച് അറിയിക്കേണ്ടതാണ്. അന്നേദിവസത്തെ സ്തോത്ര ക്കാഴ്ച അതിരൂപതാ തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അരമനയിൽ ഏല്പിക്കേണ്ടതാണ്.